# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 763 09.08.2017-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അതിരപ്പിള്ളി പഞ്ചായത്തിലെ വാഴച്ചാൽ, വാച്ചുമരം, ആനക്കയം, ഷോളയാർ,പിള്ളപ്പാറ തുടങ്ങിയ പട്ടികവർഗ്ഗ കോളനികളിലെ നിവാസികൾക്ക് വീട് വയ്ക്കുന്നതിനും, കൃഷിക്കും ആവശ്യമായ ഭൂമി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ; | എ) | അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാഴച്ചാൽ, വാച്ചുമരം, ആനക്കയം, ഷോളയാർ, പിള്ളപ്പാറ തുടങ്ങിയ പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് വനാവകാശ നിയമപ്രകാരമുള്ള 11.1783 ഏക്കർ ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. കൃഷിയാവശ്യത്തിന് അധിക ഭൂമി കണ്ടെത്താനായിട്ടില്ല. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമി ലഭ്യമാക്കുന്നതിനായി മേൽ പറഞ്ഞ കോളനികളിൽ നിന്നും അപേക്ഷകൾ ലഭ്യമായിട്ടില്ല. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി | വാച്ചുമരം കോളനിയിലെ ആദിവാസി ജനവിഭാഗങ്ങൾക്ക് ആനമുക്ക് എന്ന സ്ഥലത്ത് കണ്ടെത്തിയ അനുയോജ്യമായ സ്ഥലത്തെക്കുറിച്ചുള്ള റിപ്പോർട്ട് ലഭിച്ചി ട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ബി) | വാച്ചുമരം കോളനി നിവാസികൾ ആനമുക്ക് എന്ന പ്രദേശത്ത് കണ്ടെത്തിയ ഭൂമി ആനത്താരയായതിനാൽ ഭാവിയിൽ വന്യജീവി മനുഷ്യ സംഘർഷങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ എടുക്കേണ്ടതായി വരുമെന്ന വിവരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ആനത്താരയായ ഭൂമിയുടെ അളവ് എത്രയാണെന്നും ടി ഭൂമി പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമല്ലെങ്കിൽ അനു |

| | | | |
|---|---|---|---|
| | | | യോജ്യമായ ഭൂമി വേറെ ലഭ്യമാണോ എന്ന വിവരം അറിയിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മറുപടി ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എങ്കിൽ റിപ്പോർട്ടു പ്രകാരം സ്ഥലം അനുവദിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | വനം വകുപ്പിൽ നിന്നും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ